# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 821** — **03.12.2014- ൽ മറുപടി നൽകേണ്ടത്.**

## സ്വാശ്രയ ഡെന്റൽ കോളേജുകളിലെ അമ്പത് ശതമാനം മാനേജ്മെന്റ് ക്വാട്ടയിലേക്ക് പ്രത്യേകം പ്രവേശന പരീക്ഷ

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യൂ: | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സ്വാശ്രയ ഡെന്റൽ കോളേജുകളിലെ അമ്പത് ശതമാനം മാനേജ്മെന്റ് ക്വാട്ടയിലേക്ക് പ്രത്യേകം പ്രവേശന പരീക്ഷ നടത്താൻ സുപ്രീം കോടതി നല്കിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജസ്റ്റിസ് ജയിംസ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ തന്നെയാണോ പരീക്ഷ നടത്തിയത്; പരീക്ഷാ ചോദ്യപേപ്പർ തയാറാക്കിയത് ആരായിരുന്നു; പരീക്ഷയിൽ എത്രപേർ പങ്കെടുത്തു; ഫലം പ്രസിദ്ധീകരിച്ചത് എന്നായിരുന്നു; കൗൺസിലിംങ്ങിന് എത്ര വിദ്യാർത്ഥികൾ പങ്കെടുത്തു; | (ബി) അതെ; പരീക്ഷാ ചോദ്യ പേപ്പർ തയ്യാറാക്കിയത് ജസ്റ്റിസ് ജയിംസ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നിയോഗിച്ച വ്യക്തിയാണ്; പരീക്ഷയിൽ 730 പേർ പങ്കെടുത്തു; ഫലം 27.09.2014-ൽ പ്രസിദ്ധീകരിച്ചു; ഓപ്ഷൻ നൽകിയത് അനുസരിച്ച് അതാതു ദന്തൽ കോളേജുകളിലാണ് കൗൺസിലിംങ് നടത്തിയത്; |
| (സി) മാനേജ്മെന്റ് ക്വാട്ടയിലെ സീറ്റുകൾ മൊത്തം എത്രയായിരുന്നു; സുപ്രീംകോടതി തീരുമാനിച്ച തീയതിക്കുള്ളിൽ തന്നെ പ്രവേശന നടപടികൾ പൂർത്തിയാവുകയുണ്ടായോ; എത്രപേർക്ക് പ്രവേശനം നല്കുകയുണ്ടായി? | (സി) 420; സുപ്രീം കോടതി തീരുമാനിച്ച തീയതിയ്ക്കുള്ളിൽ തന്നെ നടപടി പൂർത്തിയാക്കിയിരുന്നു. 359 റാങ്ക് വരെ നേടിയ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു. |

സെക്ഷൻ ഓഫീസർ